# മൗദൂദിയും അഫ്ഗാൻ ജിഹാദും

അഫ്ഗാൻ മുജാഹിദുകളുടെ സപ്തകക്ഷി സഖ്യമായ ഇത്തിഹാദെ ഇസ്‌ലാമിയുടെ നേതാക്കളിലൊരാളാണ് ഖാദി മുഹമ്മദ് അമീൻ. ഗുലാബുദ്ദീൻ ഹിക്മത്തിയാർ അമീറാകുന്നതിനു മുമ്പ് ഹിസ്‌ബെ ഇസ്‌ലാമിയുടെ അമീറായിരുന്ന അദ്ദേഹം ഇപ്പോൾ അതിന്റെ അസിസ്റ്റന്റ് അമീറാണ്. ഇത്തിഹാദെ ഇസ്‌ലാമിയിൽ സാംസ്കാരിക വകുപ്പ് അധ്യക്ഷനായാണ് സേവനമനുഷ്ഠിക്കുന്നത്. കറാച്ചിയിലെ തക്ബീർ വാരികക്കു അനുവദിച്ച ഈ അഭിമുഖത്തിൽ അഫ്ഗാൻ ജിഹാദിൽ മൗലാനാ മൗദൂദിക്കുള്ള സ്വാധീനത്തിലേക്ക് വെളിച്ചം വീശുകയാണദ്ദേഹം.

ചോ: താങ്കൾ മൗലാനാ മൗദൂദിയുടെ പേര് ആദ്യമായി കേട്ടത് എപ്പോഴാണ്?

ഉ: അഫ്ഗാനിസ്ഥാനിലെ നംഗർഹാർ പ്രവിശ്യയുടെ തലസ്ഥാനമായ ജലാലാബാദിനടുത്ത 'നജ്മുൽ മദാരിസ്' എന്നുപേരായ പ്രശസ്തമായ ഒരു മതപാഠശാലയുണ്ട്. റഷ്യയുടെ ബോംബു വർഷത്തെ തുടർന്നു ഇപ്പോൾ അത് തകർന്നുപോയിരിക്കുന്നു. 1966-ൽ, നജ്മുൽ മദാരിസിലെ പത്താം ക്ലാസിൽ ഞങ്ങൾക്ക് ഇസ്‌ലാമിക ചരിത്രം പഠിപ്പിക്കപ്പെട്ടിരുന്നു. ഈ ക്ലാസുകളിലൂടെയാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങളെക്കുറിച്ച് ആദ്യമായി മനസ്സിലാക്കുന്നത്. 1963-69-ൽ പന്ത്രണ്ടാം ക്ലാസും പൂർത്തിയാക്കി പുറത്തിറങ്ങുമ്പോൾ ഇസ്‌ലാമിക സാഹിത്യങ്ങൾ വിപുലമായി വായിക്കുകയും അതോടൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്തിരുന്നു. അഫ്ഗാനിസ്ഥാനിൽ അക്കലത്ത് സംഘടിത ഇസ്‌ലാമിക പ്രസ്ഥാനം ആംഭിച്ചിരുന്നില്ല. എങ്കിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള ഇസ്‌ലാമിക വ്യക്തിത്വങ്ങളെ ഞങ്ങൾ പരിചയപ്പെട്ടിരുന്നു. അവരുടെയെല്ലാം പുസ്തകങ്ങൾ വായിക്കുകയും ചെയ്തിരുന്നു. ഇങ്ങനെയാണ് മൗലാനാ മൗദൂദിയെയും ആദ്യമായി പരിചയപ്പെടുന്നത്.

'രിസാലയെ ദീനിയ്യാത്ത്' (ഇസ്‌ലാം മതം) ആണ് ഞാൻ ആദ്യമായി വായിച്ച മൗദൂദി കൃതി. അതിനുശേഷം 'ഖിലാഫത്ത് വ മുലൂകിയ്യത്' വായിച്ചു. പിന്നെ മറ്റു പുസ്തകങ്ങളും. ശഹീദ് സയ്യിദ് ഖുതുബിന്റെ വഴിയടയാളങ്ങളുടെ പേർഷ്യൻ തർജമയും ശഹദ് അബ്ദുൽ ഖാദിർ ഔദയുടെ ചില പുസ്തകങ്ങളും അക്കാലത്ത് ഞാൻ വായിച്ചിരുന്നു.

എന്നാൽ, 1969-ൽ കാബൂൾ യൂനിവേഴ്സിറ്റിയിൽ പഠിക്കുന്ന കാലത്താണ് മൗലാനാ മൗദൂദിയുമായി യഥാർഥത്തിൽ പരിചയപ്പെട്ടത്. അഫ്ഗാനിസ്ഥാനിൽ സംഘടിത ഇസ്‌ലാമിക പ്രസ്ഥാനം ആരംഭിച്ച കാലമാണത്. ഇസ്‌ലാമിക പ്രസ്ഥാനം സംഘടിതവും വ്യവസ്ഥാപിതവും രഹസ്യവുമായ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചപ്പോൾ ഞങ്ങൾ ഇസ്‌ലാമിക പ്രസ്ഥാന നായകന്മാരുടെ ഗ്രന്ഥങ്ങൾ കഴിയുന്നത്ര ശേഖരിക്കാനും പഠിക്കാനും തീരുമാനിച്ചു. അങ്ങനെ സയ്യിദ് മൗദൂദി, അബ്ദുൽ ഖാദിർ ഔദ, മുഹമ്മദ് മഹ്മൂദ് സവ്വാഫ്, സയ്യിദ് ഖുതുബ്, മുഹമ്മദ് ഖുതുബ്, ഹസനുൽ ബന്ന, ചില ഇറാനിയൻ പണ്ഡിതന്മാർ തുടങ്ങിയവരുടെയെല്ലാം കൃതികൾ ശേഖരിച്ചു ഞങ്ങൾ പഠനം തുടങ്ങി. 1975-ൽ ഇവിടേക്ക് (പാകിസ്ഥാൻ) ഹിജ്റ ചെയ്തു വന്നപ്പോൾ മൗദൂദി കൃതികൾ കൂടുതൽ പ്രയോജപ്പെടുത്താൻ സാധിച്ചു. ഇക്കാലത്ത് മൗദൂദിയുമായി പലതവണ കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വസതിയിൽ വെച്ചായിരുന്നു ഈ കൂടിക്കാഴ്ചകൾ. അഫ്ഗാനിസ്ഥാനിലെ ഇസ്‌ലാമിക പ്രസ്ഥാനത്തെക്കുറിച്ച് അദ്ദേഹവുമായി ഞങ്ങൾ ആശയവിനിമയം നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ ഉപദേശ നിർദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു.

ചോ: ആ കൂടിക്കാഴ്ചയെക്കുറിച്ച് അൽപമൊന്ന് വിശദീകരിക്കാമോ?

ഉ: ഞങ്ങളുടെ അവസ്ഥയും നാട്ടിലെ സംഭവ വികാസങ്ങളും ഞങ്ങളദ്ദേഹത്തെ ധരിപ്പിച്ചു. അദ്ദേഹം ഞങ്ങൾക്ക് ഉപദേശങ്ങളും നിർദേശങ്ങളും തന്നു. സായുധപ്പോരാട്ടം ആരംഭിക്കുന്നതിനു മുമ്പും ഞങ്ങളദ്ദേഹത്തെ ചെന്നു കണ്ടിരുന്നു. അഫ്ഗാനിസ്ഥാനിലെ ഏറ്റവും പുതിയ സംഭവവികാസങ്ങൾ അദ്ദേഹത്തെ ധരിപ്പിച്ച ശേഷം ഉപദേശ നിർദേശങ്ങൾ സ്വീകരിച്ചു ഞങ്ങൾ തിരിച്ചുപോയി. ഇതദ്ദേഹവുമായുള്ള ഞങ്ങളുടെ അവസാനത്തെ കൂടിക്കാഴ്ചയായിരുന്നു. പിന്നീട് ഞങ്ങൾക്ക് ഒരൊഴിവുകിട്ടിയില്ല. മൗദൂദിയാകട്ടെ ചികിത്സാർഥം വിദേശത്തുമായിരുന്നു. അവസാനം അവിടെ വച്ച് അദ്ദേഹം ലോകത്തോട് വിടപറയുകയും ചെയ്തു.

ചോ: സായുധ പോരാട്ടത്തെക്കുറിച്ച് എന്തുപദേശമാണ് അദ്ദേഹം നിങ്ങൾക്ക് തന്നത്?

ഉ: 1978-ൽ കമ്യൂണിസ്റ്റുകളുടെ തഥാകഥിക "സൗർവിപ്ലവം" നടക്കുകയും അഫ്ഗാനിസ്ഥാന്റെ മേൽ കമ്യൂണിസ്റ്റ് വ്യവസ്ഥ അടിച്ചേൽപിക്കപ്പെടുകയും ചെയ്തപ്പോൾ ഭാവിപരിപാടിയെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി ഞങ്ങൾ ഹിസ്‌ബെ ഇസ്‌ലാമിയുടെ മജ്‌ലിസ് ശൂറ വിളിച്ചുകൂട്ടി. ആ സമയത്ത് ഞാനായിരുന്നു പാർട്ടിയുടെ അമീർ. കാബൂളിൽ തറാക്കി അധികാരത്തിൽ വന്നതിന്റെ മൂന്നാം ദിവസമാണത്. രണ്ടു ദിവസം പ്രശ്നത്തിന്റെ നാനാവശങ്ങളും ചർച്ച ചെയ്ത ശേഷം സായുധപ്പോരാട്ടം നടത്താൻ ഐക്യകണ്ഠേന തീരുമാനമെടുത്തു. ഇസ്‌ലാമിക ജിഹാദായിട്ടാണ് ഞങ്ങൾ പോരാട്ടം തുടങ്ങിയത്. അഫ്ഗാനിസ്ഥാനിലെ പണ്ഡിതന്മാർ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്ന് ഞങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ചു. പോരാട്ടത്തിനുവേണ്ടി അവർ ആളുകളെ സംഘടിപ്പിച്ചുകൊണ്ടിരുന്നു. പാക്കിസ്ഥാനിലെ പണ്ഡിതന്മാരും ഞങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ചു. ജിഹാദ് തുടങ്ങിയശേഷം മാസങ്ങളോളം ഞാൻ അവിടെ (അഫ്ഗാനിസ്ഥാനിൽ) ആയിരുന്നു. ഈ കാലയളവിലാണ് ഹിസ്‌ബെ ഇസ്‌ലാമിയിൽ തെരഞ്ഞെടുപ്പ് നടന്നത്. എഞ്ചിനിയർ ഗുലബുദ്ദീൻ ഹിക്മത്തിയർ അമീറായി തെരഞ്ഞെടുക്കപ്പെട്ടു. ഞാൻ അസിസ്റ്റന്റ് അമീറായി. 1975-ൽ പാർട്ടി എന്നെ ഗൾഫുനാടുകളിലേക്ക് അയച്ചു. മൂന്നു മാസം നീണ്ടുനിന്ന ഈ പര്യടനത്തിന്റെ അവസാനദിവസമാണ് മൗദൂദി അന്തരിച്ചത്. വിവരമറിയുമ്പോൾ ഞാൻ കുവൈത്തിലായിരുന്നു. അടുത്ത ദിവസം തന്നെ ഇസ്‌ലാമാബാദിലേക്ക് തിരിച്ചു. ഇസ്‌ലാമാബാദിൽനിന്ന് ഒരു ദിവസത്തേക്ക് പെഷവാറിലേക്കുള്ള എന്റെ വീട്ടിലേക്ക് വന്നു. അടുത്തദവസം മൗലാനയുടെ മയ്യിത്ത് സംസ്കരണ ചടങ്ങിൽ പങ്കെടുക്കുന്നതിനായി പോവുകയും ചെയ്തു. നിർഭാഗ്യമെന്നു പറയട്ടെ, സായുധപ്പോരാട്ടം തുടങ്ങിയശേഷം മൗലാനയുമായി കൂടിക്കാഴ്ച നടത്താനോ ഞങ്ങളുടെ ജിഹാദിനെക്കുറിച്ച് അദ്ദേഹവുമായി ചർച്ച നടത്താനോ സാധിക്കുകയുണ്ടായില്ല.

ചോ: മൗലാനയുടെ കൃതികൾ നിങ്ങൾ എങ്ങനെയാണ് ഉപയോഗപ്പെടുത്തിയത്?

ഉ: മൗലാനയുടെ ഖുർആൻ വ്യാഖ്യാനം ഇപ്പോഴും ഞങ്ങളുടെ അടുത്തുണ്ട്. (കൈ ചൂണ്ടിക്കൊണ്ട്) നോക്കൂ

എന്റെ ഓഫീസിൽ തഫ്ഹീമുൽ ഖുർആന്റെ സെറ്റു വച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ എപ്പോഴും ഞങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. തഫ്ഹീമിന് ഇപ്പോൾ പുശ്തുവിൽ പരിഭാഷ ഇറങ്ങിയിരിക്കുന്നതുകൊണ്ട് അഫ്ഗാനികൾക്ക് അതുപയോഗപ്പെടുത്താൻ കൂടുതൽ സൗകര്യമായിരിക്കുന്നു. മൗദൂദി ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഉന്നത ശീർഷരായ നേതാക്കളിലൊരാളാണ്. ഇസ്‌ലാമിക ലോകത്തിന്നാകമാനം മാതൃകയാണ് അദ്ദേഹത്തിന്റെ സേവനങ്ങൾ. അദ്ദേഹത്തിന്റെ ശിഷ്യന്മാരും അദ്ദേഹത്തിന്റെ ചിന്തകളിലാകൃഷ്ടരായവരും ജമാഅത്തെ ഇസ്‌ലാമിയിലും പാക്കിസ്ഥാനിലും മാത്രമല്ല ഉള്ളത്. മൗലാനയെ ഒരു പാക്കിസ്ഥാൻകാരനായി കാണരുത്. അദ്ദേഹം താമസിച്ചിരുന്നത് പാക്കിസ്ഥാനിലാണെന്നത് ശരിതന്നെ. പക്ഷേ, അദ്ദേഹത്തിന്റെ ചിന്തകൾ ലോകം മുഴുക്കെ വ്യപകമാണ്. അദ്ദേഹത്തിന്റെ അധ്യാപനങ്ങളും സിദ്ധാന്തങ്ങളും പിൻതുടരുന്നവർ പാക്കിസ്ഥാനിലും ജമാഅത്തെ ഇസ്‌ലാമിയിലും മാത്രമല്ല ഉള്ളത്. അഫ്ഗാനികളിലും തുർക്കികളിലുംഅറബികളിലും മലേഷ്യക്കാരിലും ഇന്തോനേഷ്യക്കാരിലുമെല്ലാം അദ്ദേഹത്തിന് അനുയായികളുണ്ട്. വിശിഷ്യാ ഇസ്‌ലാമിക ചിന്തയും ബോധവും ചൈതന്യവത്തായി നിൽക്കുന്നവരിലെല്ലാം അദ്ദേഹത്തിന്റെ സ്വാധീനമുണ്ട്. ലോകത്തുള്ള എല്ലാ ഇസ്‌ലാമിക പ്രസ്ഥാനങ്ങളും സംഘടനകളും മൗലാനയുടെ ഗ്രന്ഥങ്ങളെ ഉപയോഗപ്പെടുത്തുന്നുണ്ട്. സൗദി യൂനിവേഴ്സിറ്റികളിൽ മൗദൂദിയുടെ ഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നത് ഞാൻതന്നെ നേരിട്ട് കണ്ടിട്ടുണ്ട്. ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ എല്ലായിടങ്ങളിലും അവയെ ഉപയോഗപ്പെടുത്തുന്നുണ്ട്. ചുരുക്കത്തിൽ മൗലാനയുടെ ചിന്താപരവും ദർശനപരവുമായ ബന്ധം ഏറെ വിശാലമാണ്. മൗലാനയെ സംബന്ധിച്ചിടത്തോളം വലിയൊരു മുതൽക്കൂട്ടാണിത്. ജമാഅത്തെ ഇസ്‌ലാമിക്ക് ഇതിൽ അഭിമാനിക്കാൻ വകയുണ്ട്.